**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2043 01.02.2018-ൽ മറുപടിക്ക്**

**<u>അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർധിക്കുന്നതും കൃത്യ സമയത്ത് ചികിത്സ കിട്ടാത്തതും ചികിത്സാ ചെലവ് ലഭ്യമാകുമോ എന്ന സ്വകാര്യ ആശുപത്രികളുടെ സംശയവും മൂലം നിരവധി ആളുകൾ മരണപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർധിച്ചു വരുന്നു എന്നത് വസ്തുതയാണ്. എന്നാൽ ചികിൽസ ലഭിക്കാതെ ആരും മരണപ്പെടാതിരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. സ്വകാര്യ ആശുപത്രികൾ നിസംഗ മനോഭാവം പൊതുവേ കാണിക്കുന്നതായി കണക്കാക്കാൻ കഴിയില്ല. എന്നാൽ സമീപകാലത്ത് മുരുകൻ എന്ന വ്യക്തിക്കുണ്ടായ നിർഭാഗ്യകരമായ സംഭവം ഒട്ടേറെ അന്വേഷണങ്ങൾക്കും അനന്തര നടപടികൾക്കും വിധേയമായിട്ടുണ്ട്. |
| ബി) | സ്വകാര്യ ആശുപത്രികളുടെ ഇത്തരം നിസ്സംഗ മനോഭാവം മൂലം എത്ര ആളുകൾക്ക് ജീവഹാനി സംഭവിച്ചു; പ്രസ്തുത ആശുപത്രികൾക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | | |
| സി) | അപകടത്തിൽപ്പെടുന്നവർക്ക് 48 മണിക്കൂർ അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുമെന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും, എന്നത്തേയ്ക്ക് പദ്ധതി ആരംഭിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ? | സി) | റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതം മൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകി കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ GSP |

| | | | |
|---|---|---|---|
| | | | നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**